# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നമ്പർ .കെ എസ്എ .പി റ്റിഎ .പി -12-683/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട

നമ്പർ: നമ്പർ .കെ എസ്എ .പി റ്റിഎ .പി -12-683/23 തീയ്യതി: 05/10/2023

# പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-06-2023 | 03-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-06-2023 | 03-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോശാമ്മ ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി കെ.ആർ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യ സുധീർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജിത് എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലതാകുമാരി റ്റി ആർ | ശിശു വികസന പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഹരി എ | വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അമ്പിളി കെ വി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 03-07-2022 |
| ശ്രീമതി മിനി എബ്രഹാം | പട്ടികജാതി വികസന ഓഫീസർ | 04-07-2022 | 31-03-2023 |
| ഡോ. രാജേഷ് പി | മെഡിക്കൽ ഓഫീസർ , സാമൂഹിക ആരോഗ്യ കേന്ദ്രം, കാഞ്ഞീറ്റുകര | 01-04-2022 | 31-03-2023 |
| ശ്രീമതി അമ്പിളി സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 05-10-2022 |
| ശ്രീമതി അമ്പിളി വി എൽ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 06-10-2022 | 31-03-2023 |
| ശ്രീമതി ബിന്ദുദേവി ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-2 |
| 4 | വിവിധ ഡെപ്പോസിറ്റുകൾ-കണക്കുകളിൽ കൃത്യതയില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾ -വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-5 |
| 7 | ആസ്തികളുടെ മൂല്യനിർണ്ണയം:ക്രോഡീകരണം സമഗ്രമല്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 14 | കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-8 |
| 15 | അസി: എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക കൈമാറിയില്ല | 1-9 |
| 16 | ആരോഗ്യ മേഖലാ ഗ്രാന്റ് - ലഭിച്ച വിഹിതം ചെലവഴിച്ചില്ല | 1-10 |
| 17 | എന്റെ ചന്ത പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-11 |
| 18 | സി.സി.ടി.വി. സ്ഥാപിക്കൽ: മുൻകൂറായി നൽകിയ 18 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല | 1-12 |
| 19 | കറവപശുക്കൾക്ക് കാലിത്തീറ്റ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-13 |
| 20 | കാർഷിക വിപണികളുടെ ശക്തിപ്പെടുത്തലും ബന്ധിപ്പിക്കലും -പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 1-14 |
| 21 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണം വിലയിരുത്തപ്പെടുന്നില്ല | 1-15 |
| 22 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-16 |
| 23 | നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-17 |
| 24 | സംയുക്ത പദ്ധതികൾ നടത്തിപ്പിൽ വീഴ്ച | 1-18 |
| | ഭാഗം 2 | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14-06-2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 22-06-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോയിപ്രം ബ്ലോക്ക്പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കോയിപ്രം ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

തീയതി:05/10/2023 — ജില്ലാ ഓഡിറ്റ് കാര്യാലയം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

## 1-1-3 വിവിധ ഡെപ്പോസിറ്റുകൾ-കണക്കുകളിൽ കൃത്യതയില്ല

ഷെഡ്യൂൾ ബി-7: Deposit Received-ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

## 1-1-4 നിക്ഷേപ പ്രവൃത്തികൾ -വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-18: Loans, Advances, Deposits-തൻ വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

ഷെഡ്യൂൾ ബി-17: Cash And Bank Balances- Federal Bank -44864 റിക്കൺസിലിയേഷൻ നടത്തി ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-1-6 ആസ്തികളുടെ മൂല്യനിർണ്ണയം:ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ വ്യക്തതയില്ലാത്ത ഡിസൈൻ മൂലം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം അസറ്റ് രജിസ്റ്ററിൽ ട്രേസ് ചെയ്യാൻ കഴിയുന്നില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 31.03.2022-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 1,86,87,000 രൂപ മുന്നിരിപ്പും 5,97,68,000രൂപ വരവും 6,07,05,000 രൂപ ചെലവും 1,77,50,000 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 77,55,991 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,60,90,944 |
| ആകെ വരവ് | 6,38,46,935 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,15,04,682 |
| നീക്കിയിരിപ്പ് | 1,23,42,253 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 18686000 | 18686000 | 16369289 | 2316711 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 11530000 | 11530000 | 9627278 | 1902722 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 243000 | 243000 | 216000 | 27000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1731300 | 4519000 | 6250300 | 2527341 | 3722959 |
| ധനകാര്യ കമ്മീഷൻ | 1192571 | 3218597 | 4411168 | 3180685 | Lapsed-22135 Bal: 1208348 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (അൺ-ടൈഡ്) | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | ,, | 5382000 | 5382000 | 3408408 | 1973592 |
| പ്രത്യേക ഗ്രാന്റ് | | | | | |
| ആരോഗ്യ മേഖലാ ഗ്രാന്റ് | -- | 2607937 | 2607937 | -- | 2607937 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 102 | 5,96,40,465 | 73 | 3,69,41,535 | 29 | 61.94 |

(2) 2022-23-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 5 | 5 | 2993295 | 2954822 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 32 | 22 | 23318589 | 16225174 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 13 | 6 | 3464639 | 2539428 |
| 4 | പട്ടികജാതി വികസന ഓഫീസർ | 4 | 4 | 3700000 | 2882913 |
| 5 | വ്യവസായ വികസന ഓഫീസർ | 4 | 4 | 3585000 | 1262500 |
| 6 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 5 | 5 | 1042693 | 989704 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 10055548 | 4333971 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 26 | 15 | 9173301 | 4299148 |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 | 5 | 2307400 | 1453875 |
| | ആകെ | 102 | 73 | 59640465 | 36941535 |

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-03-2021 മുതൽ 10-03-2021 വരെ | 01-04-2018 മുതൽ 28-02-2021 വരെ | 27-07-2021 |
| പെർഫോമൻസ് ഓഡിറ്റ് | 08-05-2019 മുതൽ 16-05-2019 വരെ | 01-04-2014 മുതൽ 31-03-2019 വരെ | 19-01-2021 |

## 1-8 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 70,000/- രൂപ അവശേഷിക്കുന്നുണ്ട് (31-03-2023). 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണിത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ- 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. പ്രസ്തുത ഹെഡിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-9 അസി: എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക കൈമാറിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥരായിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ അവശേഷിക്കുന്ന തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം. 37190742337- എസ്.ബി.ഐ., പുല്ലാട് ) 30-06-2023 തീയതിയിൽ 1,92,936 രൂപ നീക്കിയിരുപ്പ് ഉണ്ട്. ആയത് അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-10 ആരോഗ്യ മേഖലാ ഗ്രാന്റ് - ലഭിച്ച വിഹിതം ചെലവഴിച്ചില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചിരുന്നു. ഇപ്രകാരം കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് 2022-23 സാമ്പത്തിക വർഷം 25,50,000 രൂപ ലഭിച്ചിരുന്നുവെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരുന്നു (ഉത്തരവ് നം. സ.ഉ.(സാധാ) 2156/2022/തസ്വഭവ തീയതി 01-09-2022). മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ ഭാഗമായി കെട്ടിട നിർമ്മാണം, പാർട്ടീഷനിംഗ്, ഫർണീച്ചർ വാങ്ങൽ, ലാബ് നവീകരണം, പൊതുജനാരോഗ്യ പ്രവർത്തനത്തിന് ആവശ്യം വേണ്ട വിവര സാങ്കേതിക വിദ്യാ ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഒരുക്കൽ, ലാബ് റീഏജന്റ് വാങ്ങുക, ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ.

ആരോഗ്യ മേഖലാ ഗ്രാന്റ് ചെലവഴിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/22-23 തീയതി:30-06-2023) ലഭ്യമാക്കിയ മറുപടിയിൽ, കാഞ്ഞീറ്റുകര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യത്തിനായി പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും 30-06-2023 വരെ 4,80,598 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് (ലഭിച്ച ഫണ്ടിന്റെ 18%).

31-03-2023-ൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരുപ്പ് 26,07,937 രൂപയാണ്. ലഭിച്ച ഫണ്ടിന്റെ വിനിയോഗം

കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 എന്റെ ചന്ത പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല

കോയിപ്രം ബ്ലോക്കിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷിക വിപണികളെ ശക്തിപ്പെടുത്തുന്നതിനും അവയെ പരസ്പരം ബന്ധിപ്പിക്കുന്നതിനും വേണ്ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21, 2021-22 വർഷങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. അവയുടെ ഭാഗമായി മാർക്കറ്റുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി 'എന്റെ ചന്ത' എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും ചെയ്തു. ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലായി കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 18 മാർക്കറ്റുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതെങ്കിലും 6 മാർക്കറ്റുകളെയാണ് ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയത്. കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ (FEO) എന്ന ബ്ലോക്ക് തലത്തിലുള്ള അപക്സ് ബോഡിയാണ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നത്. പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യമിട്ടും സോഫ്റ്റ്‌വെയറിൽ കൂടുതൽ മോഡ്യൂളുകൾ ഉൾപ്പെടുത്തുന്നതിനും കാർഷിക വിപണികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും FEO-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി 2022-23 വർഷം എന്റെ ചന്ത (പ്രൊ.നം. 67/23) എന്ന പദ്ധതി ആവിഷ്കരിക്കുകയും 3ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വകയിരുത്തിയതുക | ചെലവവഴിച്ച തുക | ബിൽ നം./തീയതി | തുക അനുവദിച്ചത് |
|---|---|---|---|
| 300000 (വികസന ഫണ്ട്) | 70800 | 22050963013801238007/27.02.23 | FEO കോയിപ്രം |
| | 45224 | 22050963013801240728/27.02.23 | ശ്രീ മാത്യൂ എബ്രഹാം |
| | 183976 | 22050963013801388162/20.03.23 | FEO കോയിപ്രം |
| | 300000 | | |

FEO-യ്ക്ക് അനുവദിച്ച 70800രൂപ സോഫ്റ്റ് വെയറിന്റെ AMC- യ്ക്കായി ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ FEO-യ്ക്ക് അനുവദിച്ച 183976രൂപ, ശ്രീ. മാത്യൂ എബ്രഹാമിന് അനുവദിച്ച 45224 രൂപ എന്നിവ ഏതിനത്തിലുള്ളതാണ്, ഏതാവശ്യത്തിനായി ചെലവഴിച്ചു എന്നിവ പരിശോധിക്കുന്നതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(4/30.06.23) നിർവ്വഹണ ഉദ്യാഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയിൽ 229200രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-12 സി.സി.ടി.വി. സ്ഥാപിക്കൽ: മുൻകൂറായി നൽകിയ 18 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മാരാമൺ ചിറയിറമ്പ് ഭാഗത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സി.സി.ടി.വി സ്ഥാപിക്കുന്നതിന് വേണ്ടി 18,00,400 രൂപ വികസനഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിരുന്നു. പി.ഡബ്ല്യൂ.ഡി. തിരുവനന്തപുരം ഇലക്ട്രോണിക്സ് ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണ് തുക നൽകിയത്. തുടർന്നുള്ള വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുണ്ടായില്ല. തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശ വിഷയമാക്കിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 01/2022-23 തീയതി: 27-06-2023), തുക തിരികെ നൽകുന്നതിനായി പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷന് പലതവണ കത്ത് നൽകിയെങ്കിലും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി മറുപടി നൽകി. പദ്ധതി നിർവ്വഹണത്തിനും നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി തുക നൽകുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ തുക നൽകിയതിനാലാണ് ഇപ്രകാരം ഉണ്ടായത്. തുക തിരികെ ലഭിക്കുന്നതിന് ഭരണതലത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കറവപശുക്കൾക്ക് കാലിത്തീറ്റ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2022-23 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കറവപശുക്കൾക്ക് കാലിത്തീറ്റ

വിതരണം ചെയ്യുന്നതിന് രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 77/23, കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം (വനിത) | 4926904 (വികസനഫണ്ട്- 2463452 ഗുണഭോക്താവ് നേരിട്ട്- 2463452) | 4740904 (വികസനഫണ്ട്- 2370452 ഗുണഭോക്താവ് നേരിട്ട്-2370452) |
| 2 | 59/23, കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 1842810 (വികസനഫണ്ട്- 921405 ഗുണഭോക്താവ് നേരിട്ട്- 921405) | 1842810 (വികസനഫണ്ട്- 921405 ഗുണഭോക്താവ് നേരിട്ട്-921405) |

പദ്ധതികളുടെ നിർവ്വണം സംബന്ധിച്ച് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം(വനിത), 77/23

| ക്രമ നം. | ബിൽ നം.(BRN)/ തീയതി | തുക | തുക അനുവദിച്ചത് | കണ്ടെത്തിയ അപാകത |
|---|---|---|---|---|
| 1 | 1227965/18.03.23 | 62000 | പ്ലാങ്കമൺ KUCS | ഗുണഭോക്താക്കളുടെ പേരിലുള്ള ഇൻവോയ്സുകൾഹാജരാക്കിയിട്ടില്ല, ഗുണഭോക്താക്കളുടെവിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ഒപ്പും സീലും വച്ച് ആധികാരികമാക്കിയിട്ടില്ല |
| 2 | 1539287/29.03.23 | 101181 | മേമല KUCS-65300 തോട്ടപ്പുഴശ്ശേരി KUCS- 35881 | മേമല KUCS-ലെ 43 ഗുണഭോക്താക്കളുടെ സ്റ്റേറ്റ്മെന്റ്,ഇൻവോയ്സുകൾ എന്നിവയാണ്ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം അർഹമായ സബ്സിഡി 64285 രൂപ യാണ്(43x1495). എന്നാൽ 65300 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 1015 രൂപ അധികമായി നൽകി. |
| 3 | 1073840/23.01.23 | 249550 | കോയിപ്രം KUCS-62000 തോട്ടപ്പുഴശ്ശേരി KUCS-46500 നെടുമ്പ്രയാർ KUCS- 37200 പുല്ലാട് KUCS- 103850 | കോയിപ്രം KUCS-ന്റെ ബില്ലിനോടൊപ്പം ഗുണഭോക്താക്കളുടെ പേരിലുള്ള ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ല, |

പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(7/03.07.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.2 -ൽ പരാമർശിച്ചിട്ടുള്ള മേമല ക്ഷീരോൽപാദക സഹകരണ സംഘത്തിന് അധികമായി നൽകിയ 1015 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ക്രമ നമ്പർ 1, 2 എന്നിവയിൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ പ്ലാങ്കമൺ, കോയിപ്രം ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് അനുവദിച്ച 124000 രൂപ (62000+62000) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

2. കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം, 59/23

| ക്രമ നം. | ബിൽ നം.(BRN)/ തീയതി | തുക | തുക അനുവദിച്ചത് | കണ്ടെത്തിയ അപാകത |
|---|---|---|---|---|
| 1 | 1508016/29.03.23 | 195050 | ഓതറ KUCS- 91200<br>പുല്ലാട് KUCS- 103850 | ഓതറ KUCS-ന്റെ ക്ലെയിമിനോടൊപ്പം സ്റ്റേറ്റ്മെന്റ്, ഗുണഭോക്താക്കളുടെ പേരിലുള്ള ഇൻവോയ്സുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.<br>പുല്ലാട് KUCS-ലെ 60 ഗുണഭോക്താക്കളുടെ സ്റ്റേറ്റ്മെന്റ്, ഇൻവോയ്സുകൾ എന്നിവയാണ് ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം അർഹമായ സബ്സിഡി 93000രൂപ യാണ്(60x1550). എന്നാൽ 103850 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 10850 രൂപ അധികമായി നൽകി. |
| 2 | 1527973/29.03.23 | 56360 | എടയ്ക്കാട് KUCS-26910<br>പ്ലാങ്കമൺ KUCS- 29450 | പ്ലാങ്കമൺ KUCS-ന്റെ ക്ലെയിമിനോടൊപ്പം സ്റ്റേറ്റ്മെന്റ്, ഗുണഭോക്താക്കളുടെ പേരിലുള്ള ഇൻവോയ്സുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 1469878/28.01.23 | 3530 | തെള്ളിയൂർ KUCS- 3530 | ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള ഇൻവോയ്സ് പ്രകാരം ഒരു പാക്കറ്റ് കാലിത്തീറ്റയുടെ വില 1405 രൂപയാണ്. ഇത്തരത്തിലുള്ള രണ്ട് പാക്കറ്റ് വീതം രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ സബ്സിഡിയായി 3530 രൂപ (4x885) രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം വിലയുടെ 50% വരെയാണ് പരമാവധി അനുവദിക്കാവുന്ന സബ്സിഡി. ആയത് പ്രകാരം അർഹമായ സബ്സിഡി 2810 രൂപ(4x702.50) |

| | | | | |
|---|---|---|---|---|
| | | | | മാത്രമാണ്. 720 രൂപ അധികമായി അനുവദിച്ചു നൽകി. |
| 4 | 962147/10.01.23 | 90350 | ഓതറ KUCS- 51600<br>പ്ലാങ്കമൺ KUCS- 38750 | ഓതറ KUCS-ന്റെ ക്ലെയിമിനോടൊപ്പം ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ്, ഗുണഭോക്താക്കളുടെ പേരിലുള്ള ഇൻവോയ്സുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |

പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/03.07.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.1 -ൽ പരാമർശിച്ചിട്ടുള്ള പുല്ലാട് ക്ഷീരോൽപാദക സഹകരണ സംഘത്തിന് അധികമായി നൽകിയ 10850 രൂപ, ക്രമ നം.3- ൽ പരാമർശിച്ചിട്ടുള്ള തെള്ളിയൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിന് അധികമായി നൽകിയ 720രൂപ എന്നിവ ഓഡിറ്റ് നിരാകരിക്കുന്നു. ക്രമ നമ്പർ 1,2,4 എന്നിവയിൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ഓതറ, പ്ലാങ്കമൺ എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് അനുവദിച്ച 172250 രൂപ (91200+29450+51600) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-14 കാർഷിക വിപണികളുടെ ശക്തിപ്പെടുത്തലും ബന്ധിപ്പിക്കലും -പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

കാർഷിക വിപണികളുടെ ശക്തിപ്പെടുത്തലിനും അവയെ സോഫ്റ്റ്‌വെയർ മുഖേന പരസ്പരം ബന്ധിപ്പിക്കുന്നതിനുമായി 2019-20 മുതൽ 2022-23 വരെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ എട്ട് പദ്ധതികളിലായി ആകെ 1630000രൂപ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷനെ (FEO) അപ്പക്സ് ബോഡിയായി നിശ്ചയിച്ച് അതിന്റെ മേൽനോട്ടത്തിലാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികൾക്കായി ചെലവഴിച്ച ആകെ തുകയിൽ 1185820രൂപയും FEO മുഖേനയാണ് ചെലവഴിച്ചിട്ടുള്ളത്. FEO, പദ്ധതിയുടെ ഭാഗമായ കൃഷിവകുപ്പിന്റെ വിവിധ മാർക്കറ്റുകൾ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. മാർക്കറ്റുകൾ തമ്മിൽ ബന്ധിപ്പിക്കുക വഴി ഉൽപ്പന്നങ്ങളുടെ ഡിമാന്റും സപ്ലൈയും കൃത്യമായി മാർക്കറ്റുകളിൽ റൂട്ട് ചെയ്യുന്നതിനും അതുവഴി കർഷകർക്ക് മികച്ച വില ഉറപ്പു വരുത്തുന്നതും ഏതെങ്കിലും ഉൽപ്പന്നങ്ങൾ അധികമായി ഉൽപ്പാദിപ്പിക്കപ്പെട്ട് മാർക്കറ്റിലെത്തുന്ന സാഹചര്യത്തിൽ അവയുടെ വിലയ്ക്ക് ഇടിവ് വരാതെ അവ ആവശ്യമുള്ള മറ്റ് മാർക്കറ്റുകളിലേക്കും മൂല്യവർദ്ധന കേന്ദ്രങ്ങളിലേക്കും മാറ്റുന്നതും പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നു. ഹിമാചൽ പ്രദേശിലെ ധരംശാല അസ്ഥാനമായുള്ള ലാംമ്പ് ലൈറ്റേഴ്സ് ടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് 'എന്റെ ചന്ത ' എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും മാർക്കറ്റുകൾ തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്തിട്ടുള്ളത്. സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് മാത്രം 3ലക്ഷം രൂപ FEO മുഖേന ചെലഴിച്ചിട്ടുണ്ട്. ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലായി കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 18 മാർക്കറ്റുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതെങ്കിലും കോയിപ്രം FEO, എഴുമറ്റൂർ എക്കോഷോപ്പ്, തോട്ടപ്പുഴശ്ശേരി എക്കോഷോപ്പ്, അയിരൂർ ക്ലസ്റ്റർ മാർക്കറ്റ്, കോയിപ്രം മാർക്കറ്റ്, ഇരവിപേരൂർ ക്ലസ്റ്റർ മാർക്കറ്റ് എന്നീ 6 മാർക്കറ്റുകളെയാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. സോഫ്റ്റ്‌വെയർ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചുവെങ്കിലും പദ്ധതിയിൽ വിഭാവനം ചെയ്തത് പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ല. എഴുമറ്റൂർ എക്കോഷോപ്പ് മാത്രമാണ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചത്. മറ്റ് മാർക്കറ്റുകളൊന്നും സോഫ്റ്റ്‌വെയർ ഉപയോഗിച്ചിരുന്നില്ല. ഒരു മാർക്കറ്റ് മാത്രം ഉപയോഗിച്ചതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനങ്ങളുമില്ല. എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ ചുമതലപ്പെട്ട അപ്പക്സ് ബോഡിയായ കോയിപ്രം FEO കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്താതെ നിർജ്ജീവാവസ്ഥയിലുമായി. ബ്ലോക്കിന്റെ കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന FEO ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നില്ല. പദ്ധതി കൊണ്ട് യാതൊരു പ്രയോജനങ്ങളും ഉണ്ടായിട്ടില്ലെങ്കിലും സോഫ്റ്റ്‌വെയറിന്റെ AMC ചാർജ്ജ് ഇനത്തിലും സെർവറിന്റെ വാടകയിനത്തിലും എല്ലാ വർഷവും തുക ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ഈയിനത്തിൽ 2022-23-ൽ 116024രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി ചെലവഴിച്ച മുഴുവൻ തുകയും നിലവിൽ പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. വിവിധ പദ്ധതികളുടെയും അവയ്ക്കായി ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റിന്റെ വിവരങ്ങൾ | ചെലവഴിച്ച | നടത്തിയ പ്രവർത്തനങ്ങൾ |
|---|---|---|---|

| | | തുക | |
|---|---|---|---|
| 2019-20 | 9/20, കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ | 500000 | വിപണന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തൽ |
| 2020-21 | 32/21, കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തലും ബന്ധിപ്പിക്കലും | 525000 | സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, പരിശീലനം |
| 2021-22 | 87/22, മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യവികസനം, കാർഷിക വിപണികൾ ബന്ധിപ്പിക്കൽ | 287644 | വിപണികൾക്ക് ലാപ്പ്ടോപ്പ്, മോഡം, നെറ്റ്കണക്ഷൻ, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ |
| 2022-23 | 27/23, മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യവികസനം, കാർഷിക വിപണികൾ ബന്ധിപ്പിക്കൽ (സ്പിൽ ഓവർ) | 17356 | മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ |
| | 67/23, എന്റെ ചന്ത | 300000 | അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, എ.എം.സി. ചാർജ്ജ് |
| | ആകെ | 1630000 | |

<u>വിവിധ പദ്ധതികളിലൂടെ തുക അനുവദിച്ചതിന്റെ വിവരങ്ങൾ</u>

| മാർക്കറ്റ്/സ്ഥാപനം | പ്രോജക്ട് | | | | | ആകെ |
|---|---|---|---|---|---|---|
| | 09/20 | 32/21 | 87/22 | 27/33 | 67/23 | |
| കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ (FEO) | 175000 | 525000 | 231044 | - | 254776 | 1185820 |
| അക്ഷയ വെജിറ്റബിൾ ക്ലസ്റ്റർ, അയിരൂർ | 100000 | | | | | 100000 |
| എഴുമറ്റൂർ ഹരിത സംഘം | 150000 | | | | | 150000 |
| കുറിയന്നൂർ കാർഷിക വികസന സമിതി | 75000 | | | | | 75000 |
| ഹരിത ലീഡർ സംഘം | | | 16600 | | | 16600 |
| സമൃദ്ധി കർഷക സംഘം | | | 40000 | | | 40000 |
| കൃഷിമിത്ര കർഷക സമിതി | | | | 17356 | | 17356 |
| മാത്യു എബ്രഹാം | | | | | 45224 | 45224 |
| ആകെ | 500000 | 525000 | 287644 | 17356 | 45224 | 1630000 |

പൊതുപ്പണം ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയാതെയിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/30.06.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം ലഭിച്ച പോകുകയും, സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലും മറ്റും പരിശീലനം ലഭിച്ച മാർക്കറ്റ് ജീവനക്കാർ മറ്റു ജോലി ലഭിച്ച് പോകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഉള്ള ജീവനക്കാർക്ക് ടി. പദ്ധതികളെയും സോഫ്റ്റ്‌വെയറിനെയും സംബന്ധിച്ച് യാതൊരു ധാരണയും ഇല്ലാത്തതും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിൽ താൽപ്പര്യം കാണിക്കാത്തതും പദ്ധതി നിലച്ച പോകാൻ ഇടയാക്കി. കൃഷി വകുപ്പും വിവിധ പദ്ധതികളിലായി FEO-യ്ക്ക് വളരെയധികം തുക ചെലവഴിക്കുകയും വാഹനം ഉൾപ്പെടെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വാഹനവും നിലവിൽ ഉപയോഗിക്കാതെ കിടക്കുകയാണ്.

ലക്ഷക്കണക്കിന് തുക ചെലവഴിച്ച പദ്ധതികൾ പാഴ്ച്ചെലവായി മാറിയതും സൃഷ്ടിക്കപ്പെട്ട ആസ്തികൾ നിഷ്ക്രീയമായി കിടക്കുന്നത് സംബന്ധിച്ചും കൃഷി വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിലെ തടസ്സങ്ങൾ നീക്കി ലക്ഷ്യം കൈവരിക്കുന്നതിന് അടിയന്തിര നടപടികൾ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 1-15 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണം വിലയിരുത്തപ്പെടുന്നില്ല

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-18 പ്രകാരം 31.3.2022-ൽ വിവിധ ഇനങ്ങളിൽ മുൻകൂറായി നൽകിയ 18439425/- രൂപ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകയിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ വിവിധ വർഷങ്ങളിലായി നിക്ഷേപിച്ചതിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന 10515561/- രൂപയും കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന 5936374/- രൂപയും ഭൂഗർഭ ജല വകുപ്പിൽ അവശേഷിക്കുന്ന 1987490/- രൂപയും ഉൾപ്പെടുന്നു. നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണവും ഭൗതികനേട്ടം ആർജ്ജിക്കുന്നതിന്റെ കൃത്യമായ വിലയിരുത്തലും നടത്തുന്നില്ല. നിക്ഷേപ പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും കൂടുതൽ കാര്യക്ഷമത കൈവരിക്കേണ്ടതും ലക്ഷ്യമിട്ട ഭൗതികനേട്ടങ്ങൾ ആർജ്ജിക്കുന്നുണ്ടെന്ന് സ്ഥാപനതലത്തിൽ ഉറപ്പാക്കേണ്ടതുമാണ്.

## 1-16 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

കാഞ്ഞീറ്റുകര സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാഞ്ഞീറ്റുകര, എഴുമറ്റൂർ സി.എച്ച്.സി.കൾക്കും സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിക്കും മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പണം മുൻകൂർ ഒടുക്കിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ടിന്റെ പേരും നമ്പരും | പ്രഫോർമ ഇൻവോയ്സിന്റെ വിവരങ്ങൾ | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | 17/23, കാഞ്ഞീറ്റുകര, എഴുമറ്റൂർ സി.എച്ച്.സി.കൾക്ക് മരുന്ന്, ലാബ് റീ ഏജന്റ്, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | PRF 603/08.07.22 | 250000 | - | 250000 |
| | | PRF 737/20.07.22 | 199973 | - | 199973 |
| 2 | 15/23, പാലിയേറ്റീവ് സെക്കൻഡറി കെയർ | PRF 3060/19.12.22 | 231660 | - | 231660 |
| | | PRF 871/02.08.22 | 192557 | 39964 | 152593 |
| | | PRF 870/01.08.22 | 7442 | - | 7442 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികൾക്കായി ബ്ലോക്ക് പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വൈദ്യുത ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, ബഹുഭൂരിപക്ഷം പ്രവൃത്തികളുടെയും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *ക്രമ നം.* | *പ്രോജക്ടിന്റെ പേര്* | *നിക്ഷേപിച്ച തുക* | *നിക്ഷേപം നടത്തിയ സ്ഥാപനം* | *വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് (തുക)* | *വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നത് (തുക)* |
|---|---|---|---|---|---|
| 1 | അയിരൂർ ഇടക്കാട് ഡിവിഷൻ സ്ട്രീറ്റ് ലൈൻ നീട്ടൽ (89/23) | 979027/- | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | - | 979027/- |
| 2 | എഴുമറ്റൂർ മാരാമൺ തെള്ളിയൂർ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (21/23) | 150061/- | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | - | 150061/- |
| 3 | വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (135/23) | 1252889/- | കേരള സംസ്ഥാന വൈദ്യുതി | - | 1252889/- |

| | | | | | |
|---|---|---|---|---|---|
| | | | ബോർഡ് | | |
| 4 | വിവിധ ഡിവിഷനുകളിലെ പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (137/23) | 473239/- | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | - | 473239/- |
| 5 | പുറമറ്റം മാരാമൺ ഡിവിഷനുകളിലെ പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തികൾ (22/23) | 194000/- | കേരള വാട്ടർ അതോറിറ്റി | - | 194000/- |
| 6 | ചെറുകിട കുടിവെള്ള പദ്ധതികൾ (136/23) | 1987490/- | ഭൂഗർഭ ജല വകുപ്പ് | - | 1987490/- |
| | ആകെ | | | | 5036706 |

പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/3.7.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തിയായിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. സാമ്പത്തിക വർഷാവസാനം തുക നിക്ഷേപിക്കുന്നതാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ചെലവ് തടസ്സപ്പെടുത്തുന്നു

## 1-18 സംയുക്ത പദ്ധതികൾ നടത്തിപ്പിൽ വീഴ്ച

2022-23 വർഷം സംയുക്ത പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തുകളിൽ നിന്നും പ്രോജക്ടുകൾ നടത്തിപ്പിന് നൽകിയ തുകയുടെ വിനിയോഗം ഉൾപ്പെടെയുള്ള വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം. | പ്രോജക്ട് | വിഹിതം നൽകിയ പഞ്ചായത്ത് | തുക |
|---|---|---|---|
| 1 | മിനിമാസ്റ്റ് സ്ഥാപിക്കൽ (20/23) | പുറമറ്റം | 409800/- |
| 2 | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (23/23) | ഇരവിപേരൂർ | 300000/- |
| 3 | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (23/23) | അയിരൂർ | 247500/- |
| 4 | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (23/23) | തോട്ടപ്പുഴശ്ശേരി | 242000/- |
| 5 | ലൈഫ് ഭവന പദ്ധതി (ജനറൽ) | അയിരൂർ | 75000/- |
| 6 | ലൈഫ് ഭവന പദ്ധതി (ജനറൽ) | തോട്ടപ്പുഴശ്ശേരി | 160000/- |
| 7 | ലൈഫ് ഭവന പദ്ധതി (ജനറൽ) | ഇരവിപേരൂർ | 850000/- |
| 8 | ലൈഫ് ഭവന പദ്ധതി (ജനറൽ) | പുറമറ്റം | 400000/- |
| 9 | ലൈഫ് ഭവന പദ്ധതി (ജനറൽ) | എഴുമറ്റൂർ | 1500000/- |
| 10 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | അയിരൂർ | 210000/- |
| 11 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | തോട്ടപ്പുഴശ്ശേരി | 60000/- |
| 12 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | ഇരവിപേരൂർ | 1070000/- |
| 13 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | പുറമറ്റം | 700000/- |
| 14 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | എഴുമറ്റൂർ | 720000/- |
| 15 | ലൈഫ് ഭവന പദ്ധതി (റ്റി.എസ്.പി) | എഴുമറ്റൂർ | 216000/- |
| | ആകെ | | 7160300 |

സംയുക്ത പദ്ധതികളുടെ നടത്തിപ്പിൽ ബ്ലോക്ക് പഞ്ചായത്ത് യാതൊരു ശ്രദ്ധയും പുലർത്തുന്നില്ല. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി ചെലവ് ശതമാനം കൂട്ടുക എന്നതല്ലാതെ തുകയുടെ ഫലപ്രദമായ വിനിയോഗം

സംബന്ധിച്ച വിവരങ്ങൾ ലഭ്യയാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് താല്പര്യം കാണിക്കുന്നില്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗം സംബന്ധിച്ച രേഖകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.ചെലവ് തടസ്സപ്പെടുത്തുന്നു

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 294000/- | PMAY(ജനറൽ)- അധിക വിഹിതം നൽകൽ | 294000/- | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 686000/- | PMAY(എസ്.സി.പി)- വിഹിതം നൽകൽ | 686000/- | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | അയിരൂർ ഇടയ്ക്കാട് ഡിവിഷൻ സ്ട്രീറ്റ് ലൈൻ നീട്ടൽ (89/23) | 979027/- | -- | 979027/- |
| | വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (135/23) | 1252889/- | -- | 1252889/- |
| | വിവിധ ഡിവിഷനുകളിലെ പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (137/23) | 473239/- | -- | 473239/- |
| | എഴുമറ്റൂർ മാരാമൺ തെള്ളിയൂർ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (21/23) | 150061/- | -- | 150061/- |
| കേരള വാട്ടർ അതോറിറ്റി | പുറമറ്റം മാരാമൺ ഡിവിഷനുകളിലെ പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തികൾ (22/23) | 194000/- | -- | 194000/- |
| ഭൂഗർഭ ജല വകുപ്പ് | ചെറുകിട കുടിവെള്ള പദ്ധതികൾ (136/23) | 1987490/- | -- | 1987490/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക നം* | *വിഷയം* | *നിലവിലെ അവസ്ഥ* |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | 5.3.8.1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | പരാമർശം നിലനിൽക്കുന്നു |
| 1998-99 | 3-4,3-5 | 2001-02 | 5.3.8.2 | അരിപ്പൊടി, മുളക്പൊടി യൂണിറ്റുകൾക്ക് നൽകിയ തുക അംഗീകരിയ്ക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63846935/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51504682/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12598456/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 229200 | ശ്രീമതി അമ്പിളി വി.എൽ, കൃഷി അസി. ഡയറക്ടർ |
| 1-13 | 172250/- | ശ്രീമതി ബിന്ദുദേവി ജി, ഡെയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-17 | 5036706/- | ശ്രീമതി മിനി കെ.ആർ, സെക്രട്ടറി |
| 1-18 | 7160300/- | ശ്രീമതി മിനി കെ.ആർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി കെ.ആർ, സെക്രട്ടറി | സെക്രട്ടറി<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | പുല്ലിങ്കൽ, TC4/2516(1)<br>പട്ടം (E), പട്ടം പി.ഒ<br>തിരുവനന്തപുരം |
| ശ്രീമതി അമ്പിളി വി.എൽ,<br>കൃഷി അസി. ഡയറക്ടർ | കൃഷി അസി. ഡയറക്ടർ<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | വടക്കേടത്ത്, കീഴ്വായ്പൂർ പി.ഒ<br>മല്ലപ്പള്ളി 689587 |
| ശ്രീമതി ബിന്ദുദേവി ജി,<br>ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | മുരാരി സദനം, കുട്ടമ്പേരൂർ പി.ഒ<br>ആലപ്പുഴ 689623 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി5- 866/99 തീയതി 31.1.2001 |
| 2000-01 | എൽ.എഫ്.പിറ്റിഎ.പി5-708/02 തീയതി 5.3.2004 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി6-257/06 തീയതി 5.3.2007 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി6- 881/07തീയതി 7.6.2008 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി6- 882/07തീയതി 7.6.2008 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി3- 704/09തീയതി 13.5.2011 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി2- 564/11 തീയതി 13.12.2011 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി2- 113/13 തീയതി 3.9.2013 |
| 2011-12 & 2012-13 | എൽ.എഫ്.പിറ്റിഎ.പി2- 211/14 തീയതി 12.9.2014 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി2- 124/15 തീയതി 6.6.2015 |
| 2014-15 | കെ.എസ്.എ.പിറ്റിഎ.പി2-320/16 തീയതി 22.3.2016 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി13-335/17 തീയതി 6.5.2017 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി12-1302/17 തീയതി 7.12.2017 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി12-343/19 തീയതി 7.6.2019 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി12-863/19 തീയതി 11.10.2019 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി12-927/21 തീയതി 6.1.2022 |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി12-928/21 തീയതി 28.1.2022 |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി12-248/23 തീയതി 30.3.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 30-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KOIPRAM Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KOIPRAM Block Panchayat for the year 2022-2023

Date: 05/10/2023

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KOIPRAM Block Panchayat for the Year 2022-2023.

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on accounts and ratios prescribed in accounting rules are not submitted for audit .
2. Schedule B-17: Cash and Bank Balances- Federal Bank -44864 : Bank Reconcilliation Statement not prepared.
3. Schedule B-18: Loans, advances, deposits- Amount Deposited in KSEB for deposit work doesnot match with the amount recorded in Annual Financial Statement..
4.Schedule B-7: Deposit Received- In the absence of Deposit Register, the accurancy of the amount recorded as

Opening Balance, annual transactions and Closing balance in the AFS could not be acretained .
5.Schedule B-11(b): Capital work in progress- Ledger balance shown in the AFS does not match with the records.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്